<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പതിനാറാം സമ്മേളനം**</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5956** **19.11.2019 ൽ മറുപടിയ്ക്ക്**

<u>**കാറ്റിൽ നിന്നും വൈദ്യുതി**</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ മന്ത്രി)** | |
| (എ) | കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാര്യത്തിൽ സംസ്ഥാനം നിലവിൽ വളരെ പിന്നിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുക എന്നത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ചെലവേറിയതും ശ്രമകരവുമാണ്. ജനസാന്ദ്രത യേറിയതും ഫലഭൂയിഷ്ഠവുമായ ഭൂപ്രദേശമായ കേരള സംസ്ഥാനത്ത് ഇത്തരം പദ്ധതികൾക്ക് അനുയോജ്യമായ തരിശുഭൂമി ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാകാനുള്ള ബുദ്ധിമുട്ടാണ് ഇതിലെ പ്രധാന പരിമിതി. വർഷം മുഴുവൻ നിലനിൽക്കുന്നതും അനുയോജ്യമായ വേഗതയുള്ള കാറ്റ് ലഭിക്കുന്നത് കേരളത്തിൽ 17 സ്ഥലങ്ങളിലാണ്. 17 സ്ഥലങ്ങളിൽ കഞ്ചിക്കോട് ഒഴികെയുള്ള സ്ഥലങ്ങളെല്ലാം പശ്ചിമഘട്ട പ്രദേശങ്ങളിലാണ്. ഇവിടെ റോഡ് സൗകര്യം കുറവായതുകൊണ്ടാണ് കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുവാൻ തടസ്സമായിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളാണ് കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | കേരളത്തിൽ തിരുവനന്തപുരം ജില്ലയിലെ പൊൻമുടി, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്, കോട്ടമല, കോട്ടത്തറ, നല്ലസിംഗം, തോളന്നൂർ, ഇടുക്കി ജില്ലയിലെ കൈലാസമേട്, കോലാഹലമേട്, കുളത്തുമേട്, കുട്ടിക്കാനം, പാഞ്ചാലിമേട്, പരംപുകെട്ടിമേട്, പുള്ളിക്കാനം, രാമക്കൽമേട്, സേനാപതി, സക്കുളത്തുമേട്, പുഷ്പഗിരി എന്നീ സ്ഥലങ്ങളിലാണ് കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് അനുയോജ്യമായ കാറ്റിന്റെ ലഭ്യതയുള്ളത്. |
| (സി) | അതിൽ എത്ര സ്ഥലങ്ങളിലാണ് ഇതിനകം കാറ്റാടി പാടങ്ങൾ സ്ഥാപിച്ചത്; അറിയിക്കാമോ; | (സി) | കഞ്ചിക്കോട് - **26.43** മെഗാവാട്ട് (പാലക്കാട്), രാമക്കൽമേട്–**15.25** മെഗാവാട്ട് (ഇടുക്കി), അഗളി – **18.6** മെഗാവാട്ട് (പാലക്കാട്), വേലന്താവളം– **10** മെഗാവാട്ട് (പാലക്കാട്) എന്നിവിടങ്ങളിലാണ് ഇതിനകം കാറ്റാടി പാടങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോട്ടുകൂടി കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായുള്ള സ്ഥലം എപ്രകാരം നൽകുവാനാണ് ആലോചിക്കുന്നത്; വ്യക്തമാക്കാമോ? | (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോട്ടു കൂടി കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ കേരളത്തിൽ കഞ്ചിക്കോട് സ്ഥാപിച്ചിട്ടുള്ള 2 മെഗാവാട്ട് നിലയം (KSEB) ഒഴിച്ച് ബാക്കിയെല്ലാം സ്വകാര്യ മേഖലയിലാണ് നടപ്പാക്കിയിരിക്കുന്നത്. ഇതിനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ട് ആണ്. |

സെക്ഷൻ ഓഫീസർ